**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5000** **01-11-2021 - ൽ മറുപടിയ്ക്ക്**

**പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി, വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത നടപടികൾ പൂർത്തീകരിക്കാനായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (എ) | പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ വീതവും ഭാഗികമായി നാശനഷ്ടം സംഭവിച്ചവർക്ക് നാശനഷ്ടത്തിന്റെ തോതനുസരിച്ചും ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയും ലൈഫ് മിഷൻ പദ്ധതിയിലൂടെയും സഹകരണ വകുപ്പിന്റെ (കെയർ ഹോം) സഹായത്തോടെയും വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | പ്രളയ ഭീഷണി നേരിടുന്ന പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ വസിച്ചിരുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ഇതിനോടകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ തുടങ്ങിയവയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദുർബല പ്രദേശത്ത് താമസിക്കുന്നവരുടെ സുരക്ഷ സംബന്ധിച്ച് പരിശോധിക്കുകയും പുനരധിവസിപ്പിക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനോ വീടും സ്ഥലവും ഒരുമിച്ച് വാങ്ങുന്നതിനോ പരമാവധി പത്ത് ലക്ഷം രൂപ വരെ അനുവദിച്ചു വരുന്നു. |
| (സി) | 2018-ലെയും 2019-ലെയും പ്രളയത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | 2018 ലെയും 2019 ലെയും പ്രളയത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ